**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 606** **13-10-2026-ൽ മറുപടിയ്ക്ക്**

**ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ സബ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന സബ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ;

**മറുപടി:** ചെങ്ങന്നൂർ നിയമസഭാ മണ്ഡലത്തിൽ പുതിയ 110 കെ.വി സബ്സ്റ്റേഷൻ പുന്തലയിൽ നിർമ്മിക്കുന്നതിനും, നിലവിലുള്ള മാന്നാർ 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി ആയി ശേഷി വർദ്ധിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഇതിൽ മാന്നാർ 33 കെ.വി സബ്സ്റ്റേഷൻ-മാന്നാർ അപ്ഗ്രഡേഷൻ പ്രവൃത്തികളുടെ ഭാഗമായ 110 കെ.വി ലൈൻ നിർമ്മാണം ഇതിനകം ആരംഭിക്കുകയും പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. സബ്സ്റ്റേഷന്റെ കൺട്രോൾ റൂം നിർമ്മാണത്തിന്റെ റീ-ടെണ്ടർ നടപടികൾ നടന്നുവരുന്നു. സബ്സ്റ്റേഷന്റെ ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികളുടെ പ്രാരംഭ നടപടികൾ പൂർത്തിയാക്കി ടെണ്ടർ ചെയ്യുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

പുന്തലയിൽ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് 18.89 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതികൾക്കായുള്ള നടപടികൾ നടന്നു വരുന്നു.

**(ബി)** നിർമ്മാണനടപടികൾ വേഗത്തിലാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**